**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 835** **11-02-2025 - ൽ മറുപടിയ്ക്ക്**

**പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി തലം മുതൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പായി സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable feesഉം, സ്റ്റേറ്റ് അക്കാഡമിക് അലവൻസുകളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽ ഫീസ് എന്നിവ ലഭിക്കുന്നു .ഗവേഷണ വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് ലഭിക്കുന്നു . പാരലൽ കോളജ് വിദ്യാഭ്യാസത്തിന് വാർഷിക നിരക്കിൽ ഒറ്റത്തവണയായി ആനുകൂല്യങ്ങൾ നൽകുന്നു.<br><br>സംസ്ഥാനത്തെ 1 മുതൽ 10 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, എഡ്യുക്കേഷൻ എയ്ഡ്, ഇതിന് പുറമെ പട്ടികജാതിയിലെ ദുർബല സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും, പട്ടികവർഗ്ഗത്തിലെ പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും സ്റ്റൈപ്പന്റ് ലഭിക്കുന്നു. അംഗീകൃത അൺ എയിഡഡ് സ്കൂളിലെ വിദ്യാർത്ഥികൾക്കുള്ള റീ-ഇംപേഴ്സ്മെന്റ് സ്കോളർഷിപ്പ് , കേന്ദ്രീയ വിദ്യാലയങ്ങളിൽ 10-ാം ക്ലാസ്സ് വരെയുള്ള പഠനത്തിന് ലംപ്സം ഗ്രാന്റും, Kendriya Vidyalaya Sangathan കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള കമ്പ്യൂട്ടർ ഫീസും, വിദ്യാലയ വികാസ് നിധി (വി.വി.എൻ) യും, സൈനിക സ്കൂളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, ക്ലോത്തിംഗ് ചാർജ്, പോക്കറ്റ് മണി, അദർ ചാർജസ് ഇനങ്ങളിലുള്ള തുകയും, ലംപ്സംഗ്രാന്റും , സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള മെട്രിക്/ നോൺ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ്, KGCE കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികൾക്കും, വ്യവസായ പരിശീലന വകുപ്പിന്റെ അംഗീകാരമുള്ള നോൺ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികൾക്കും നിബന്ധനകൾക്കു വിധേയമായി ആനുകൂല്യം ലഭിക്കുന്നു. നഴ്സറി തലത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് അനുവദിച്ച് വരുന്നു. കൂടാതെ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രതിവർഷം 2250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്സ് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ചു |

പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250/- രൂപയും 1000/- രൂപയും നൽകുന്നു.

വിവിധ വാർഷിക പൊതു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനവും , സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 4,7 ക്ലാസുകളിലെ പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലെന്റ് സെർച്ച് സ്കോളർഷിപ്പും ലഭിക്കുന്നു.

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ നിലവിൽ കൃത്യമായി വിതരണം ചെയ്യുന്നുണ്ടോ; എത്ര വിദ്യാർത്ഥികൾക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത്; ജില്ലതിരിച്ചുള്ള കണക്കുകൾ നൽകാമോ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ 2023-24 അധ്യയന വർഷത്തെ പ്രീമെട്രിക് ,പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകൾ വിതരണം ചെയ്തു വരുന്നു.നടപ്പ് വർഷം വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | പ്രിമെട്രിക് സ്കോളർഷിപ്പ് എണ്ണം | പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് എണ്ണം |
|---|---|---|
| തിരുവനന്തപുരം | 1976 | 1207 |
| കൊല്ലം | 946 | 306 |
| ആലപ്പുഴ | | 130 |
| പത്തനംതിട്ട | 601 | 257 |
| കോട്ടയം | 1703 | 1091 |
| ഇടുക്കി | 4747 | 1228 |
| എറണാകുളം | 1184 | 984 |
| തൃശ്ശൂർ | 723 | 551 |
| പാലക്കാട് | 5328 | 1435 |
| മലപ്പുറം | 1700 | 577 |
| കോഴിക്കോട് | 1367 | 907 |
| വയനാട് | 19810 | 2868 |
| കണ്ണൂർ | 5175 | 1413 |
| കാസർകോഡ് | 9118 | 2285 |
| ആകെ | 54378 | 15239 |

പട്ടികജാതി വിദ്യാർത്ഥികളുടെ വിവരങ്ങൾ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് എണ്ണം | സെൻട്രൽ പ്രിമെട്രിക് സ്കോളർഷിപ്പ് എണ്ണം |
|---|---|---|

| | | |
|---|---|---|
| തിരുവനന്തപുരം | 18510 | 5636 |
| കൊല്ലം | 14522 | 6253 |
| ആലപ്പുഴ | 7958 | 2701 |
| പത്തനംതിട്ട | 8933 | 3843 |
| കോട്ടയം | 9458 | 2915 |
| ഇടുക്കി | 5180 | 1446 |
| എറണാകുളം | 16069 | 4076 |
| തൃശ്ശൂർ | 17691 | 6651 |
| പാലക്കാട് | 16749 | 7488 |
| മലപ്പുറം | 16783 | 6213 |
| കോഴിക്കോട് | 12014 | 3184 |
| വയനാട് | 2078 | 733 |
| കണ്ണൂർ | 5775 | 1468 |
| കാസർകോഡ് | 2454 | 969 |
| ആകെ | 154174 | 53174 |

**<u>സ്റ്റേറ്റ് പ്രിമെട്രിക് സ്കോളർഷിപ്പ്</u>**

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|---|
| | ലംസം ഗ്രാന്റ് | സ്റ്റൈപ്പന്റ് | എഡ്യുക്കേഷൻ എയ്ഡ് |
| തിരുവനന്തപുരം | 42193 | 1258 | 29428 |
| കൊല്ലം | 38406 | 1844 | 27742 |
| ആലപ്പുഴ | 21537 | 31 | 15376 |
| പത്തനംതിട്ട | 17079 | 27 | 12602 |
| കോട്ടയം | 15940 | 429 | 11536 |
| ഇടുക്കി | 10765 | 892 | 7733 |
| എറണാകുളം | 27536 | 195 | 18784 |
| തൃശ്ശൂർ | 42316 | 155 | 31553 |
| പാലക്കാട് | 52579 | 1182 | 39438 |
| മലപ്പുറം | 44261 | 3804 | 34580 |
| കോഴിക്കോട് | 22769 | 1596 | 17055 |
| വയനാട് | 4382 | 311 | 3225 |
| കണ്ണൂർ | 10787 | 313 | 8213 |
| കാസർകോഡ് | 7147 | 489 | 5312 |
| ആകെ | 357697 | 12526 | 262577 |

| | | | |
|---|---|---|---|
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്ന എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ മുടങ്ങിയിട്ടുള്ളതെന്നും ഇതിന്റെ കുടിശ്ശികയുടെ വിശദാംശങ്ങളും ജില്ല അടിസ്ഥാനത്തിൽ നൽകാമോ; | (സി) | നിലവിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് മുടങ്ങിയിട്ടില്ല . 2024-25 അധ്യയന വർഷത്തെ സ്കോളർഷിപ്പ് ക്ലെയിമുകളിൽ തുക വിതരണം ചെയ്ത് വരുന്നു.<br><br>പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് മുടങ്ങുന്ന സാഹചര്യം നിലവിലില്ല. അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024 -25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപയും, അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപടെ 333 കോടി രൂപ പൂർണമായും വിനിയോഗിച്ച് കൊണ്ട് കുടിശിക വിതരണം ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2024-25 വർഷത്തെ പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നു. |
| (ഡി) | പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് കോഴ്സുകൾ പഠിക്കുന്ന എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കാമോ; എത്ര രൂപയാണ് ഈ ഇനത്തിൽ കുടിശ്ശികയായി നൽകാനുള്ളതെന്നും വിശദമാക്കാമോ; | (ഡി) | നിലവിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് മുടങ്ങിയിട്ടില്ല . 2024-25 അധ്യയന വർഷത്തെ സ്കോളർഷിപ്പ് ക്ലെയിമുകളിൽ തുക വിതരണം ചെയ്ത് വരുന്നു.<br><br>പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് മുടങ്ങുന്ന സാഹചര്യം നിലവിലില്ല. അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024 -25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപയും, അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപടെ 333 കോടി രൂപ പൂർണമായും വിനിയോഗിച്ച് കൊണ്ട് കുടിശിക വിതരണം ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2024-25 വർഷത്തെ പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നു. |
| (ഇ) | സ്കോളർഷിപ്പുകൾ മുടങ്ങിയത് കാരണം എസ്.സി, എസ്.ടി വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രതിസന്ധികളും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് | (ഇ) | നിലവിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് മുടങ്ങിയിട്ടില്ല . 2024-25 അധ്യയന വർഷത്തെ സ്കോളർഷിപ്പ് ക്ലെയിമുകളിൽ തുക വിതരണം ചെയ്ത് വരുന്നു.<br><br>പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് മുടങ്ങുന്ന സാഹചര്യം നിലവിലില്ല. അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024 -25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപയും, അധിക തുക വകയിരുത്തിയത് |

| | | | |
|---|---|---|---|
| | നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | | മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപടെ 333 കോടി രൂപ പൂർണമായും വിനിയോഗിച്ച് കൊണ്ട് കുടിശിക വിതരണം ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രുവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2024-25 വർഷത്തെ പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ